# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1389 — 15.6.2012-ൽ മറുപടിയ്ക്ക്

### "നിറവ്" പദ്ധതി

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) വിത്ത് മുതൽ വിപണിവരെയുള്ള സമഗ്രകാർഷിക വികസന പദ്ധതി ''നിറവ്''നിലവിൽ എത്ര നിയോജക മണ്ഡലങ്ങളിൽ നടപ്പിൽ വരുത്തി; ഏതൊക്കെ നിയോജകമണ്ഡലത്തിലെന്നും അതുവഴി കൃഷിക്കാർക്ക് ലഭിക്കുന്ന നേട്ടവും വ്യക്തമാക്കുമോ; | (എ) വിത്തുമുതൽ വിപണി വരെയുള്ള സമഗ്രകാർഷിക വികസന പദ്ധതി 'നിറവ്' നിലവിൽ 9 ജില്ലകളിലെ 11 നിയോജകമണ്ഡലങ്ങളിലാണ് നടപ്പാക്കുന്നത് നിയോജകമണ്ഡലങ്ങൾ ഇവയാണ്. |

| ക്രമനം. | ജില്ല | നിയോജകമണ്ഡലം |
|---|---|---|
| 1 | കണ്ണൂർ | കൂത്തുപറമ്പ് |
| 2. | കോഴിക്കോട് | പേരാമ്പ്ര, നാദാപുരം ബാലുശ്ശേരി |
| 3. | വയനാട് | കല്പറ്റ |
| 4. | മലപ്പുറം | കോട്ടയ്ക്കൽ |
| 5. | തൃശ്ശൂർ | കൊടുങ്ങല്ലൂർ |
| 6. | എറണാകുളം | പറവൂർ |
| 7. | ഇടുക്കി | തൊടുപുഴ |
| 8. | ആലപ്പുഴ | ചെങ്ങന്നൂർ |
| 9. | കൊല്ലം | പത്തനാപുരം |

വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ കർഷകർക്കു യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാധിക്കുമെന്നതാണ് പ്രധാന നേട്ടം

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നെല്ല് കൃഷി നടത്തി കടം കയറിയ എത്ര നെല്ല് കർഷകർ ആത്മഹത്യ ചെയ്തു; നെല്ല് കർഷകരെ ആത്മഹത്യയിൽ നിന്ന് ഒഴിവാക്കുന്നതിന് കഴിയുന്നത്ര സാമ്പത്തിക സഹായം സർക്കാരിന്റെ ഭാഗത്ത് നിന്നും നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെൽകൃഷി മാത്രം ചെയ്യുന്ന 4 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

നെൽകൃഷി ചെയ്യുന്ന കർഷകർക്കായി കൃഷി വകുപ്പ് താഴെ പറയും സഹായങ്ങൾ വിവിധ പദ്ധതികൾ വഴി നടപ്പിലാക്കി വരുന്നു.

1. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പ്രോൽസാഹിപ്പിക്കുന്നതിന് ഹെക്ടറിന് 3000 രൂപ നിരക്കിൽ സഹായധനം.

2. കിലോഗ്രാമിന് 15 രൂപ നിരക്കിൽ സംസ്ഥാനമൊട്ടാകെ നെല്ല് സംഭരണം.

3. ഭൂപരിധിയില്ലാതെ സൗജന്യ വൈദ്യുത പദ്ധതി.

4.നെൽപാടങ്ങളിൽ അടിസ്ഥാനസൗകര്യ ങ്ങൾ നടപ്പിലാക്കുന്നതിനുള്ള സഹായധനം.

5.നെൽകൃഷിക്ക് ഉല്പാദന ബോണസ്സായി 350 രൂപ വീതം ഒരു ഹെക്ടറിന് ഓരോ സീസണിലും നൽകി വരുന്നു.

6.പ്രകൃതിക്ഷോഭം മൂലം നെൽകൃഷി നശിച്ചാൽ 10,000 രൂപ നിരക്കിൽ ധനസഹായം.

7.നെൽകൃഷിക്ക് ഹെക്ടറിന് 12,500/- രൂപ വീതം ഇൻഷ്വറൻസ് സംരക്ഷണം.

Sngham

**സെക്ഷൻ ഓഫീസർ**